# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

എൽ എം എസ് എച്ച് എസ് എസ് അമരവിള

നെയ്യാറ്റിൻകര വിദ്യാഭ്യാസജില്ല

## ആമുഖം

തെക്കൻ തിരുവിതാംകൂറിൽ സുവിശേഷ ദൗത്യവുമായി വന്ന എൽ എം എസ് മിഷമറിമാർ സ്ഥാപിച്ച ഒരു വിദ്യാലയമാണ് എൽ എം എസ് എച്ച് എസ് എസ് അമരവിള.

നെയ്യാറ്റിൻകര താലൂക്കിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ തങ്ക ലിപികളാൽ ആലേഖനം ചെയ്ത ഈ വിദ്യാലയം കലാകായിക രംഗത്തും സാമൂഹിക രംഗത്തും സാംസ്കാരിക രംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. ഒരു ജനതയെ സാംസ്കാരികമായി കൈപിടിച്ചുയർത്താൻകഴിഞ്ഞ വിദ്യാലയം ഇന്നും തലമുറകൾക്ക് മുന്നിൽ പ്രകാശഗോപുരം ആയി നിലനിൽക്കുന്നു.

ഇവിടെനിന്നും അറിവിന്റെ വെളിച്ചം സ്വീകരിച്ച ഒരു തലമുറ, സാമൂഹികമായ അടിമത്വത്തിൽ നിന്ന് മോചിതമാകുന്നതിന് നടത്തിയ സമര പരിശ്രമങ്ങൾ കേരള ചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായങ്ങളാണ് യു പി ഹൈസ്കൂൾ വിഭാഗങ്ങളിലായി 1024 കുട്ടികൾ ഇവിടെ പഠിക്കുന്നു.

പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞ ത്തിന്റെ ഭാഗമായി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ്

അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയും, ഓരോ കുട്ടിയുടെയും കഴിവുകളുടെ വികാസവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

# പൊതുലക്ഷ്യങ്ങൾ

- ശാസ്ത്ര, ഗണിതശാസ്ത്ര രംഗത്തെ പ്രതിഭകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സമൂഹത്തിന് ആകമാനം നന്മയുണ്ടാകുന്ന തരത്തിൽ പുരോഗമനാത്മകമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പ്രാപ്തരാക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗം തടയുക.
- സമൂഹത്തോട് പ്രതിബദ്ധതയുള്ളവരായി വളർത്തിയെടുക്കുക.
- നിയമങ്ങൾ അനുസരിക്കുന്നതിന് ശീലിപ്പിക്കുക
- വികാരവിചാരങ്ങൾ ശരിയായ രീതിയിൽ പ്രകടിപ്പിക്കുന്നതിന് ശീലിപ്പിക്കുക.
- ഭാവി തലമുറയെ ദോഷമായി ബാധിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിന് ശീലിപ്പിക്കുക.
- ഓരോ കുട്ടിക്കും അനുയോജ്യമായ വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണ്ണയം നടത്തി പഠനവിടവുകൾ പരിഹരിക്കുകയും ചെയ്യുക.
- മത്സരപരീക്ഷകളിൽ വിജയം വരിക്കാൻ സഹായിക്കുക.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.
- ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കുക.
- ആശയവിനിമയം, യുക്തിചിന്തനം, പ്രശ്നാപഗ്രഥനം മുതലായ ശേഷികൾ വികസിപ്പിക്കുക
- കണ്ടും കേട്ടും നിരീക്ഷിച്ചും പഠിക്കുന്നതിന് അവസരം നൽകുക

## അക്കാദമിക മികവിനായിപ്രവർത്തനങ്ങൾ  ഏറ്റെടുക്കേണ്ട മേഖലകൾ

| | |
|---|---|
| • മാതൃഭാഷാ പ്രയോഗശേഷി വികസിപ്പിക്കൽ<br>• ഗണിതശേഷി വികസിപ്പിക്കൽ<br>• ഇംഗ്ലീഷ് പഠനം അനായാസമാക്കൾ<br>• വായനശേഷി വർദ്ധിപ്പിക്കൽ<br>• ശാസ്ത്രാവബോധം വളർത്തൽ<br>• ലബോറട്ടറി നവീകരണം<br>• പ്രതിഭ കണ്ടെത്തൽ<br>• ലൈബ്രറി ശാക്തീകരണം<br>• ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ<br>• ഗവേഷണാത്മക പഠനത്തിനുള്ള അവസരം ഒരുക്കൽ<br>• കായിക പരിശീലനം<br>• ക്ലാസ് പിടിഎ സജീവമാക്കൽ | • പൂന്തോട്ട നിർമ്മാണം മത്സര പരീക്ഷാ പരിശീലനം<br>• പഠന യാത്രകൾ<br>• സ്കൂൾ പത്രം സ്കൂൾ മാസിക<br>• സ്കൂൾതല അധ്യാപക ശാക്തീകരണ പരിപാടികൾ<br>• കലാപരിചയ പരിശീലനം പ്രവർത്തിപരിചയ പരിശീലനം<br>• അടുക്കളത്തോട്ടം<br>• സാഹിത്യ ശില്പശാലകൾ<br>• സ്കൂൾ യൂട്യൂബ് ചാനൽ സജീവമാക്കൽ<br>• ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ<br>• ശാസ്ത്ര ഗണിത ശാസ്ത്ര പ്രവർത്തിപരിചയ സോഷ്യൽ സയൻസ് ഐടി മേഖലകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം |

# പൊതുപ്രവർത്തനങ്ങൾ

| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠന വിടവുകൾ കണ്ടെത്തി യഥാസമയം പരിഹരിക്കുന്നതിന് | തുടർ മൂല്യനിർണയവും രേഖപ്പെടുത്തലും കുട്ടികളുടെ അക്കാദമിക നിലവാരം എല്ലാ മാസവും വിലയിരുത്തി സ്കൂൾ ഡയറിയിൽ രേഖപ്പെടുത്തുന്നു | 9 മാസം<br>ജൂൺ - ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 2 | കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ആത്മവിശ്വാസം ധൈര്യം എന്നിവ വർദ്ധിപ്പിച്ച് കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും | **കൗൺസിലിംഗ്**<br>ഗൃഹസന്ദർശനം, അഭിമു ഖം, നിരീക്ഷണം, എന്നീ മാർഗ്ഗങ്ങൾ അവലംബി ച്ചു കുട്ടികളുടെ പ്രശ്ന ങ്ങൾ കണ്ടെത്തുകയും കൗൺസിലിംഗ് നൽകുകയും ചെയ്യുന്നു | 9 മാസം<br>ജൂൺ - ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി ,<br>എച്ച് എസ് വിഭാഗം കുട്ടികൾ<br>ചൈൽഡ് ഹെൽപ്പ് ലൈൻ | പി ടി എ |
| 3 | ഓരോ ക്ലാസിലെയും കുട്ടികളുടെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് നൽകുന്നതിനും ഒരു വേദി ഉണ്ടാക്കുക | **ക്ലാസ് പിടിഎ രൂപീകരണം**<br>ഓരോ ക്ലാസിലെയും കുട്ടികളുടെ പൊതുവാ യ പ്രശ്നങ്ങൾ ചർച്ച ചെ യ്യുന്നതിനും ആവശ്യ മായ നിർദ്ദേശങ്ങൾ നൽ കുന്നതിന് നൽകുന്ന തിനും കഴിയുന്ന തര ത്തിൽ ഓരോ ക്ലാസിനും പ്രത്യേക പിടിഎ യോഗം സംഘടിപ്പിക്കുന്നു. | 10 മാസം<br>ജൂൺ - മാർച്ച് | അദ്ധ്യാപകർ<br><br>രക്ഷാകർത്താക്കൾ | ഇല്ല |

# വിവരവിനിമയ സാങ്കേതിക വിദ്യ

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | എല്ലാ അധ്യാപകർക്കും ഹൈടെക് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുന്നതിനും അവസരം ഉണ്ടാക്കുക | **സ്കൂൾ തല ഐടി പരിശീലനം**<br>അധ്യാപകർക്ക് സ്കൂൾ തലത്തിൽ ഐടി പരിശീലനം നൽകുന്നു | മെയ് | അദ്ധ്യാപകർ | ഇല്ല |
| 2 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ മികവ് ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുക. | **ശില്പശാല**<br>(മാസത്തിൽ ഒന്ന്)<br>അനിമേഷൻ<br>പോസ്റ്റർ നിർമ്മാണം<br>മലയാളം ടൈപ്പിംഗ്<br>വെബ് ഡിസൈനിംഗ്<br>വീഡിയോ നിർമ്മാണം<br>പ്രസന്റേഷൻ തയാറാക്കൽ<br>ഇന്റർനെറ്റ് നിത്യ ജീവിതത്തിൽ<br>സോഷ്യൽ മീഡിയ | 8 മാസം<br>ജൂലൈ -<br>ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 3 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ മികവ് ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുക. | **ഡിജിറ്റൽ വേൾഡ്**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയാറാക്കുന്നു | 8 മാസം<br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 4 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ മികവ് ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുക. | **വീഡിയോ ക്ലബ്**<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വീഡിയോ തയാറാക്കി സ്കൂൾ യൂട്യൂബ്ചാനലിൽ അപ്‌ലോഡ് ചെയ്യുന്നു. | 11 മാസം<br>ജൂലൈ - മെയ് | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |

# മലയാളം

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | അക്ഷരമുറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ. പദനിർമ്മാണം. വാക്യ നിർമ്മാണം. എന്നിവയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം അനായാസം എഴുതാനും വായിക്കാനും ഉള്ള കഴിവ് വികസിപ്പിക്കൽ | **അക്ഷരക്കളരി**<br>കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ, പദകാർഡ് വായന, ചിത്രപദക്കാർഡ് വായന | 3 മാസം<br>ജൂൺ - ആഗസ്റ്റ് | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| 2 | ക്ലാസ് നിലവാരത്തിലുള്ള പുസ്തകങ്ങൾ ലഭ്യമാക്കുന്ന തിലൂടെയും പത്രമാസികകൾ ക്ലാസ് മുറികളിൽ ലഭ്യമാക്കുന്ന തിലൂടെയും എല്ലാ കുട്ടികളെയും മികച്ച വായനക്കാർ ആക്കി മാറ്റുക | **മധുര വായന**<br><br>പത്രവായന<br><br>കഥാവായന<br><br>കവിതാവായന | 8 മാസം<br>ജൂലൈ മുതൽ ഫെബ്രുവരി വരെ | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 3 | വായനാനുഭവം പങ്കുവെക്കുന്നതിലൂടെ പുസ്തകങ്ങളെ കാര്യക്ഷമമായി വിലയിരുത്താനുള്ള ശേഷി വർദ്ധിപ്പിക്കുക | **പുസ്തകചർച്ച** | 8 മാസം<br>ജൂലൈ -<br>ഫെബ്രുവരി വെള്ളിയാഴ്ചകളി ൽ | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 4 | കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന തരത്തിൽ ഭംഗിയായി എഴുതാൻ ശീലിപ്പിക്കുക | **അക്ഷരവടിവ്**<br><br>ഭംഗിയായി എഴുതാൻ ശീലിപ്പിക്കുന്നു<br>ശില്പശാല<br>കൈയെഴുത്തു മത്സരം<br>പോസ്റ്റർ രചന | ജൂലൈ | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 5 | സാഹിത്യത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കത്തക്ക തരത്തിൽ | **സാഹിത്യച്ചുവര്** | ആഗസ്റ്റ് | അദ്ധ്യാപകർ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ സാഹിത്യകാരന്മാരെ സംബന്ധിച്ച വിവരങ്ങൾ മുതലായവ ശേഖരിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പ്രസിദ്ധവാരികങ്ങൾ എന്നിവ ക്ലാസ്ഭിത്തികളിൽ പ്രദർശിപ്പിക്കുന്നു. | | യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | |
| 6 | കുട്ടികളിലെ സർഗ്ഗശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുക.സാഹിത്യ രചനകൾ മറ്റുള്ളവർക്ക് വായിക്കുന്നതിന് അവസരം ഉണ്ടാക്കുക | **ഡിജിറ്റൽ മാഗസിൻ** | സെപ്റ്റംബർ | ലൈബ്രറി ക്ലബ്<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 7 | കുട്ടികളിലെ സർഗ്ഗശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുക. സാഹിത്യ രചനകൾ മറ്റുള്ളവർക്ക് വായിക്കുന്നതിന്അവസരം ഉണ്ടാക്കുക | **കൈയെഴുത്തുമാസിക** | സെപ്റ്റംബർ | ലൈബ്രറി ക്ലബ്<br><br>യു പി വിഭാഗം കുട്ടികൾ | ക്ലബ് |
| 8 | കുട്ടികളിലെ സർഗ്ഗശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുക. സാഹിത്യ രചനകൾ മറ്റുള്ളവർക്ക് വായിക്കുന്നതിന്അവസരം ഉണ്ടാക്കുക | **സാഹിത്യശില്പശാല** | 8 മാസം<br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| 9 | മികച്ച സാഹിത്യകൃതികൾ ആസ്വദിക്കുന്നതിനും മറ്റുള്ളവർക്ക് ആസ്വാദ്യം ആകുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നതിനും അവസരം ഉണ്ടാക്കുക | **കഥയരങ്ങ്/ കവിയരങ്ങ്** | 8 മാസം ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br>പി ടി എ<br>സാഹിത്യകാരന്മാർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 10 | മികച്ച സാഹിത്യകൃതികൾ ആസ്വദിക്കുന്നതിനും മറ്റുള്ളവർക്ക് ആസ്വാദ്യം ആകുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നതിനും അവസരം ഉണ്ടാക്കുക | ഓണം<br>ക്രിസ്മസ് തുടർച്ചയായ മറ്റ് അവധികൾ എന്നീ അവസരങ്ങളിൽ കുട്ടികൾക്ക് വായിക്കുന്നതിന് ആവശ്യാനുസരണം പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് തിരഞ്ഞെടുക്കുന്നതിന് അവസരം നൽകുന്നു | 8 മാസം ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 11 | ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടത്തുക മാറ്റുക | ബഷീർ അനുസ്മരണ ദിനം ഒൻപതാം ക്ലാസിലെ കുട്ടികൾക്ക് ബഷീർ കൃതികൾ വായിക്കുന്നതിനുള്ള അവസരമാക്കി മാറ്റുന്നു ബഷീർ കൃതികൾ പ്രദർശിപ്പിക്കുകയും പ്രധാനപ്പെട്ട ചില കൃതികളുടെ സംക്ഷിപ്തവിവരണം വായനാനുഭവം അസംബ്ലിയിൽ | | എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കുകയും ചെയ്യുന്നു ഓണപ്പതിപ്പ് തയ്യാറാക്കുന്നു ഓണത്തെ സംബന്ധിച്ച് ഐതിഹ്യങ്ങൾ ഓണം കൈമാറുന്ന സന്ദേശം നമ്മുടെ സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നു | | | |

# ഇംഗ്ലീഷ്

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | അക്ഷരമുറപ്പിക്കൽ, പദനിർമ്മാണം. വാക്യ നിർമ്മാണം. എന്നിവയി ലൂടെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസം എഴുതാ നും വായിക്കാനും ഉള്ള കഴിവ് വികസിപ്പിക്കൽ | **റൈറ്റ് ഇൻ ഇംഗ്ലീഷ്** | 3 മാസം<br>ജൂൺ - ആഗസ്റ്റ് | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 2 | ക്ലാസ് നിലവാരത്തിലുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ | **സ്വീറ്റ് ഇംഗ്ലീഷ്** | 8 മാസം<br>ജൂലൈ - | അദ്ധ്യാപകർ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ലഭ്യമാക്കുന്നതിലൂടെയും പത്രമാസികകൾ ക്ലാസ് മുറികളിൽ ലഭ്യമാക്കുന്ന തിലൂടെയും എല്ലാ കുട്ടികളെയും മികച്ച വായനക്കാർ ആക്കുക | പത്രവായന<br>കഥാവായന<br>വാർത്താവതരണം | ഫെബ്രുവരി | യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | |
| 3 | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിന് പ്രാപ്തരാക്കുക | **സ്പീക്ക് ഇൻ ഇംഗ്ലീഷ്**<br>ചിത്രങ്ങൾ വീഡിയോകൾ എന്നിവയുടെ സഹായത്തോടെ സംഭാഷണം<br>സ്കിറ്റ്, സ്ക്രീൻപ്ലേ | 8 മാസം<br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 4 | കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിക്കുന്ന തരത്തിൽ ഇംഗ്ലീഷ് ഭാഷ യിൽ എഴുതാൻ പരിശീലിപ്പിക്കുക | ബ്യൂട്ടി ഫോണ്ട്<br>(ഭംഗിയായി എഴുതാൻ ശീലിപ്പിക്കുന്നു)<br>ശില്പശാലകൈയെഴുത്ത് മത്സരം<br>പോസ്റ്റർ രചന | ജൂലൈ | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 4 | കുട്ടികളുടെ സർഗാത്മകത ഇംഗ്ലീഷ് ഭാഷാ മാധ്യമത്തിൽ പ്രകാശിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കുക | **ഡിജിറ്റൽ മാഗസിൻ** | സെപ്റ്റംബർ | ലൈബ്രറി ക്ലബ്<br>യു പി വിഭാഗം<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 5 | ഇംഗ്ലീഷ് ഭാഷാ സാഹിത്യകൃതികൾ മലയാളഭാഷയിലേക്ക് | **റ്റു മൈ ലാംഗ്വേജ്**<br>(ഇംഗ്ലീഷ് പാഠപുസ്തകത്തിലെ കഥകളും കവിതകളും | 8 മാസം<br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | പരിഭാഷപ്പെടുത്തുന്നതിലൂടെ ഭാഷാസ്വാധീനം വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കുക | മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നു) | | കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | |
| 6 | ഇംഗ്ലീഷ് ഭാഷ കേട്ട് മനസ്സിലാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | **ജേർണി ടു ഇംഗ്ലീഷ്** വേൾഡ് ഇംഗ്ലീഷ് വാർത്തകൾ ശ്രവിച്ച് കുറിപ്പ് തയ്യാറാക്കുന്നു ഇംഗ്ലീഷ് ചലച്ചിത്രങ്ങൾ കണ്ടു സംഗ്രഹം തയ്യാറാക്കുന്നു | 8 മാസം<br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 7 | ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടത്തുക മാറ്റുക | ലോക വിദ്യാർത്ഥി ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 15 ന് പത്താം ക്ലാസ് പാഠപുസ്തകത്തിലെ ബാങ്ക സ്കോളർഷിപ്പ് ജാക്കറ്റ് എന്നീ പാഠങ്ങളെ അടിസ്ഥാനമാക്കി പോസ്റ്റർ രചന, പ്രസംഗം എന്നിവ സംഘടിപ്പിക്കുന്നു | | | |

## ഹിന്ദി

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | ഹിന്ദി അക്ഷരമാല തെറ്റു കൂടാതെ എഴുതാനും വായിക്കാനും സംസാരിക്കാനും പഠിക്കുക. | **മീട്ടി ഹിന്ദി**<br>അക്ഷരപരിചയം<br>വായനാപരിശീലനം | 3 മാസം<br>ജൂൺ - ആഗസ്റ്റ് | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 2 | ആശയങ്ങൾ തെറ്റു കൂടാതെ ഹിന്ദിയിൽ പ്രകടിപ്പിക്കാനുള്ള | **സുഗമ ഹിന്ദി** | 8 മാസം<br>ജൂലൈ - | അദ്ധ്യാപകർ<br>യു പി വിഭാഗം | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ആത്മവിശ്വാസം വളർത്തിയെടുക്കുക. | പത്രവായന,കഥാവായന, വാർത്താവതരണം | ഫെബ്രുവരി | കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | |
| 4 | കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിക്കുന്ന തരത്തിൽ ഹിന്ദി ഭാഷയിൽ എഴുതാൻ പരിശീലിപ്പിക്കുക | മേരാ ഹിന്ദി<br><br>(ഭംഗിയായി എഴുതാൻ ശീലിപ്പിക്കുന്നു)<br>ശില്പശാല<br>കൈയെഴുത്ത് മത്സരം<br>പോസ്റ്റർ രചന | ജൂലൈ | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 5 | ഹിന്ദി പുസ്തകങ്ങൾ വായിച്ച് സ്വയം ആശയം ഗ്രഹിക്കാൻ പ്രാപ്തനാക്കുക | **ഹിന്ദി മെം ബോലോ**<br>ചിത്രങ്ങൾ, വീഡിയോകൾ എന്നിവയുടെ സഹായത്തോടെ സംഭാഷണം,സ്കിറ്റ്, സ്ക്രീൻപ്ലേ, | 8 മാസം<br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 6 | ഹിന്ദിപാഠപുസ്തകത്തിലെ കഥകളും കവിതകളും മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിലൂടെ ഭാഷാസ്വാധീനം വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കുക | **റ്റു മൈ ലാംഗ്വേജ്**<br><br>( ഹിന്ദിപാഠപുസ്തകത്തിലെ കഥകളും കവിതകളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നു) | 8 മാസം<br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br><br>പി ടി എ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |

| | | | | |
|---|---|---|---|---|
| 7 | ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി മാറ്റുക | ദേശീയ ഹിന്ദി ദിനമായ സെപ്റ്റംബർ പതിനാലിന് സ്കൂളിൽ ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നു<br><br>എല്ലാ ക്ലാസുകളിലും ഓരോ കഥാഭാഗം ഹിന്ദിയിൽ തിരക്കഥയായി എഴുതുന്നതിന് അവസരം നൽകുന്നു<br><br>പാഠപുസ്തകത്തിലെ ഹിന്ദി വാക്കുകളും സമാനമായ ഇംഗ്ലീഷ് വാക്കുകളും കണ്ടെത്തി ഹിന്ദി ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കുന്നു<br><br>സ്കൂളിലെ ഓഫീസ് ലൈബ്രറി ലബോറട്ടറി ശുചിമുറികൾ മുതലായവയുടെ പേര് അതത് സ്ഥലങ്ങളിൽ ഹിന്ദിയിൽ എഴുതി പ്രദർശിപ്പിക്കുന്നു | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |

## ഗണിതം

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | അറിവ് നിർമ്മാണ പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലൂടെയും കടന്നുപോയി അറവ് സ്വയം | ഗണിതശാസ്ത്ര ആശയങ്ങൾ അവതരിപ്പിക്കാനുള്ള തന്ത്രങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് | 9 മാസം<br><br>ജൂൺ - ഫെബ്രുവരി | അദ്ധ്യാപകർ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | നേടുക | വികസിപ്പിക്കുന്നു | | | |
| 2 | ഗണിതാശയങ്ങൾ അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു. | ഗണിതകേളി സംഖ്യാകാർഡുകൾ, അബാക്കസ്, പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ, കല്ല്, മഞ്ചാടി ഉപയോഗിച്ച് അടിസ്ഥാനാശയങ്ങൾ മൂർത്തരൂപത്തിൽ അവതരിപ്പിക്കുന്നു | 2 മാസം<br><br>ജൂൺ - ജൂലൈ | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 3 | ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക<br>ഗണിതം ആസ്വാദ്യമാക്കി മാറ്റുക | ഹായ് പ്രഹേളിക<br><br>ഒരു ആഴ്ചയിൽ ഒരു പ്രഹേളിക വീതം നൽകി ഉത്തുരം കണ്ടെത്താൻ അവസരം നൽകുന്നു. | 8 മാസം<br><br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 4 | ഗണിതശയങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിനും ഉൾക്കാഴ്ചകൾ രൂപീകരിക്കപ്പെടുന്നതിനും സഹായിക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ സുഗമമായി ഗ്രഹിക്കാൻ സഹായിക്കുന്ന പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>അവ പ്രദർശിപ്പിക്കുന്നു | 8 മാസം<br><br>ജൂലൈ - ഫെബ്രുവരി തിങ്കളാഴ്ചകളിൽ | അദ്ധ്യാപകർ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 5 | നിത്യജീവിതത്തിൽ ഗണിതശാസ്ത്ര | സെമിനാർ | ആഗസ്റ്റ് | അദ്ധ്യാപകർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | ആശയങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന സന്ദർഭങ്ങൾ പരിചയപ്പെടുത്തുന്നതിനും ഗണിതശാസ്ത്ര പഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും | ഗണിതം നിത്യജീവിതത്തിൽ | | യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | |
| **6** | സങ്കീർണമായ ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ എളുപ്പമാർഗങ്ങൾ പരിചയപ്പെടുക<br>മത്സര പരീക്ഷകൾ അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുക | മത്സരഗണിതം<br><br>ഗണിതത്തിലെ എളുപ്പമാർഗ്ഗങ്ങൾ പരിചയപ്പെടുത്തു ന്നു. | **8** മാസം<br>ജൂലൈ -<br>ഫെബ്രുവരി<br>എല്ലാ<br>ചൊവ്വാഴ്ചയും | അദ്ധ്യാപകർ<br><br>പി ടി എ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| **7** | ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടത്തുക മാറ്റുക | **പ്രകൃതി സൗഹൃദ ദിനമായ സെപ്റ്റംബർ** 28 ന്, ഒരു പ്രത്യേക ചോദ്യാവലി തയ്യാറാക്കി പ്രകൃതി സൗഹൃദവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും അഞ്ചു മുതൽ 10 വരെ ക്ലാസുകളിലെ ഗണിതശാസ്ത്ര പാഠപുസ്തകത്തിലെ സ്റ്റാറ്റിസ്റ്റിക്സ് എന്ന പാഠവുമായി ബന്ധപ്പെട്ട പഠന നേട്ടങ്ങൾ ഉൾപ്പെടുത്തി വിവരങ്ങൾ അപഗ്രഥിക്കുന്നതിനും രേഖപ്പെടുത്തുന്നതിന് അവസരം ഉണ്ടാക്കുന്നു | | അദ്ധ്യാപകർ<br><br>പി ടി എ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |

# സാമൂഹ്യശാസ്ത്രം

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | സാമൂഹ്യശാസ്ത്രപരവും ഭൂമിശാസ്ത്രപരവുമായ പുതിയ അറിവുകൾ കണ്ടെത്തുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നത് വഴി കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും കഴിയുന്ന തരത്തിൽ സ്കൂളിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും പൊതുവിജ്ഞാനപരമായ അറിവുകൾ അപ്ഡേറ്റ് ചെയ്തു ഒട്ടിക്കുകയും ചെയ്യുന്നു | 9 മാസം<br>ജൂൺ -<br>ഫെബ്രുവരി<br>എല്ലാ ദിവസവും | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 2 | ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ മ്യൂസിയങ്ങൾ മുതലായവ നേരിൽകണ്ട് അറിവ് ശേഖരിക്കുക | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള പ്രദേശങ്ങളിലേക്ക് ലഘു പഠനയാത്രകൾ നടത്തുന്നു | ജൂൺ -<br>ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 3 | സമകാലിക സമൂഹത്തിലെ ചരിത്ര പ്രാധാന്യമുള്ള വസ്തുതകൾ മനസ്സിലാക്കുക | ഓരോ ദിവസത്തെയും വാർത്തകൾ സംഗ്രഹിച്ച് ഉച്ചയ്ക്ക് ഒരു മണി മുതൽ സ്കൂൾ റേഡിയോയിലൂടെ സംരക്ഷണം ചെയ്യുന്നു | 8 മാസം<br>ജൂലൈ -<br>ഫെബ്രുവരി<br>എല്ലാ ദിവസവും | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 4 | ചരിത്രപരവും | ഓരോ ദിവസവും ഒരു പൊതു | 8 മാസം | അദ്ധ്യാപകർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | ഭൂമിശാസ്ത്രപരവുമായ അറിവ് അന്വേഷിച്ചു കണ്ടെത്തുന്നതിന് പ്രാപ്തരാക്കുക | വിജ്ഞാന ചോദ്യം വീതം കുട്ടികളോട് ചോദിക്കുകയും ഉത്തരം കണ്ടെത്തി പെട്ടിയിൽ ഇടാൻ പ്രത്യേകം തയ്യാറാക്കിയ പെട്ടിയിൽ നിക്ഷേപിക്കാൻ ആവശ്യപ്പെടുകയും ചെയ്തു ചെയ്യുന്നു ശരിയായ ഉത്തരം എഴുതുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു | ജൂലൈ - ഫെബ്രുവരി എല്ലാ ദിവസവും | യു പി വിഭാഗം കുട്ടികൾ എച്ച് എസ് വിഭാഗം കുട്ടികൾ | |
| 5 | കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മനസ്സിലാക്കുക | **കേരളയാത്ര**<br><br>ലഘുവീഡിയോകൾ, ഗയിമുകൾ എന്നിവയിലൂടെ ജില്ലകൾ പരിചയപ്പെടുന്നു. | 3 മാസം ജൂൺ - ആഗസ്റ്റ് | അദ്ധ്യാപകർ യു പി വിഭാഗം കുട്ടികൾ എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 6 | ഭൂപട വായനയിലൂടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, ലോകത്തിലെ വിവിധ രാജ്യങ്ങൾ എന്നിവയെ സംബന്ധിച്ച് ധാരണ ഉണ്ടാക്കുക | **ഭൂപടവായന**<br>കേരളം,ഇന്ത്യ,ലോകം എന്നിവയുടെ ഭൂപടം പരിചയപ്പെടുന്നു. | 3 മാസം ജൂലൈ - സെപ്റ്റംബർ തിങ്കളാഴ്ചകളിൽ | അദ്ധ്യാപകർ യു പി വിഭാഗം കുട്ടികൾ എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 7 | പ്രാദേശിക ചരിത്രം ശരിയായ രീതിയിൽ മനസ്സിലാക്കുകയും, ചരിത്രനിർമ്മാണ സാമഗ്രികളെ | **ചുറ്റുവട്ടം**<br>നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ | ആഗസ്റ്റ് | അദ്ധ്യാപകർ പി ടി എ യു പി വിഭാഗം | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | കുറിച്ചുള്ള ധാരണ നേടുകയും ചെയ്യുക | സന്ദർശിച്ച് റിപ്പോർട്ട് തയാറാക്കൽ | | കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ<br>രക്ഷകർത്താക്കൾ |
| | | ഇന്നത്തെ വാർത്ത<br>പത്രം വായിച്ച് പ്രധാനസംഭവങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു. | 8 മാസം<br>ജൂലൈ - ഫെബ്രുവരി<br>എല്ലാ ദിവസവും | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 8 | പൊതുവിജ്ഞാനം നേടുക | **പൊതുവിജ്ഞാനക്വിസ്**<br>ആഴ്ചയിൽ 20 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. കുട്ടികൾ 20 ചോദ്യങ്ങൾ ശേഖരിക്കുന്നു. ടീമുകളായി തിരിഞ്ഞ് ചോദ്യങ്ങൾ ചോദിക്കുന്നു. | 8 മാസം<br>ജൂലൈ - ഫെബ്രുവരി<br>എല്ലാ ചൊവ്വാഴ്ചയും | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 9 | പ്രാദേശിക ഉത്സവങ്ങളെ സംബന്ധിച്ച് ധാരണ നേടുകയും സംസ്കാര സൃഷ്ടിയിൽ അവ വഹിക്കുന്ന പങ്ക് തിരിച്ചറിയുകയും ചെയ്യുക | **ഉത്സവം . . ഉത്സവം**<br>ഉത്സവങ്ങളുമായി ബന്ധപ്പെട്ട പരമ്പരാഗത ആചാരങ്ങൾ, കളികൾ,പരമ്പരാഗത ചടങ്ങുകൾ എന്നിവ പരിചയപ്പെടുത്തുകയും അനുഭവിച്ചറിയാൻ അവസരമുണ്ടാക്കുകയും ചെയ്യുക. | സെപ്റ്റംബർ<br>ഡിസംബർ | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |

| | | | | |
|---|---|---|---|---|
| | | | | |
| 10 | ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടത്തുക | **ആഗസ്റ്റ് 6** ഹിരോഷിമ ദിനത്തിന് ദിനത്തിൽ പത്താം ക്ലാസ് കുട്ടികൾക്ക് ലോകമഹായുദ്ധങ്ങൾ സമൂഹ തകർച്ചയ്ക്ക് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു<br><br>**ആഗസ്റ്റ് 15** ന് ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി സ്വാതന്ത്ര്യ സമരത്തിലെ ധീരനായകർ പോസ്റ്റർ രചന<br><br>**സെപ്റ്റംബർ 21** ലോക സമാധാന ദിനവുമായി ബന്ധപ്പെട്ട് ഒമ്പതാം ക്ലാസ് കുട്ടികൾക്ക് പ്ലക്കാർഡ് നിർമ്മാണം<br><br>**ഗാന്ധിജയന്തി** ദിനത്തിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഗാന്ധി വേഷം ധരിക്കലും ഗാന്ധിജിയെ പരിചയപ്പെടുത്തലും<br><br>ദേശീയ പുനരർപ്പണ ദിനമായ ഒക്ടോബർ 31 ന് പുനരർപ്പണ തയ്യാറാക്കൽ | | |

# ശാസ്ത്രം

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | കുട്ടികളിൽ ശാസ്ത്രഭിരുചി വളരാൻ സഹായകമായി പ്രവർത്തിക്കുക. | ശാസ്ത്ര തത്വങ്ങൾ ലളിതമായ ഉപകരണങ്ങളിലൂടെ അവതരിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കുന്നു സ്കൂൾതല എക്സിബിഷൻ സംഘടിപ്പിക്കുന്നു ഗവേഷണാത്മക പഠനം പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ അഭിമുഖം സർവ്വേ നിരീക്ഷണം എന്നിവ ഉൾപ്പെടുത്തിയുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യാൻ അവസരം ഉണ്ടാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല. |
| 2 | പാഠപുസ്തകത്തിന് അനുബന്ധമായി ശാസ്ത്ര ലാബ് നവീകരിക്കൽ | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളിലെ പാഠഭാഗങ്ങൾ ലളിതമായി അവതരിപ്പിക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമായ ഉപകരണങ്ങൾ നിർമ്മിച്ച നിർമ്മിച്ചും വാങ്ങിയും ഗണിതലാ ശാസ്ത്ര ലാബ് | ജൂൺ | അധ്യാപകർ | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | സജ്ജമാക്കുന്നു | | | |
| 3 | പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനും പ്രകൃതിക്കിണങ്ങുന്ന മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും കണ്ടെത്തി ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക | ബോധവൽക്കരണ പരിപാടികളിലൂടെ കുട്ടികളുടെ മനസ്സ് മാറ്റിയെടുക്കുകയും സ്കൂൾ പരിസരത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപേക്ഷിക്കുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ കുട്ടികളുടെ സഹായത്തോടെ കൈക്കൊള്ളുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല. |
| 4 | ആരോഗ്യകരമായ ഭക്ഷണം, ആരോഗ്യകരമായ ജീവിതശൈലി, എന്നിവ ശീലിക്കുന്നു. | എന്റെ പച്ചക്കറിത്തോട്ടം<br>അദ്ധ്യാപകരുടെ നിർദ്ദേശമനുസരിച്ച് , മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിൽ സ്ഥലമൊരുക്കൽ മുതലുള്ള എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്നു. | 8 മാസം<br>ജൂലൈ - ഫെബ്രുവരി<br>എല്ലാ ദിവസവും | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| 5 | വ്യക്തിശുചിത്വം,സാമൂഹികശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ സഹായിക്കുക. | ശുചിത്വം<br>സെമിനാർ<br><br>മാലിന്യസംസ്കരണം<br>പരിസരശുചീകരണം | 8 മാസം<br>ജൂലൈ - ഫെബ്രുവരി<br>എല്ലാ ദിവസവും | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 6 | ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ പരിശീലിപ്പിക്കുക | ആരോഗ്യസെമിനാർ<br><br>ഭക്ഷണ ചാർട്ട് നിർമ്മാണം. | ആഗസ്റ്റ് | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം | ഇല്ല<br>പി ടി എ<br>രക്ഷകർത്താക്ക |

| | | | | | |
|---|---|---|---|---|---|
| | പച്ചക്കറിത്തോട്ടം നിർമിക്കുന്നതിന് സഹായിക്കുക | വ്യായാമം. | | കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ൾ |
| 7 | ലഹരിവസ്തുക്കൾ ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുക. | വേണ്ടാനമുക്ക് ലഹരി<br><br>ലഹരിവസ്തുക്കളുടെ ദോഷങ്ങൾ ശാസ്ത്രീയമായി മനസ്സിലാക്കുന്നു | 8 മാസം<br>ജൂലൈ -<br>ഫെബ്രുവരി<br>എല്ലാ ദിവസവും | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ<br><br>വിമുക്തി<br><br>ചൈൽഡ് ഹെൽപ്പ് ലൈൻ<br><br>പോലീസ് | ഇല്ല |
| 8 | ശാസ്ത്രപരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുക. | പരീക്ഷിച്ചറിയാം<br><br>ലഘുപരീക്ഷണങ്ങൾ ചെയ്യാനും കണ്ടെത്തലുകൾ അവതരിപ്പിക്കാനും അവസരം.<br>ഉപകരണങ്ങൾ സ്വയം വികസിപ്പിച്ചെടുക്കാനും അവ പ്രദർശിപ്പിക്കാനും അവസരം | 8 മാസം<br><br>ജൂലൈ -<br>ഫെബ്രുവരി<br>എല്ലാ ബുധനാഴ്ചയും | അദ്ധ്യാപകർ<br><br>പി ടി എ<br><br>യു പി വിഭാഗം കുട്ടികൾ<br><br>എച്ച് എസ് വിഭാഗം | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | | | കുട്ടികൾ | |
| **9** | കൗമാര പ്രശ്നങ്ങൾ സ്വയം തിരിച്ചറിയുന്നതിനും അവ വിവേകപൂർവ്വം തരണം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക | വിദഗ്ധരുടെ നേതൃത്വത്തിൽ എല്ലാ മാസവും ആരോഗ്യ സെമിനാർ | **8** മാസം<br><br>ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ<br><br>പി ടി എ<br><br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| | ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടത്തുക | **ഓസോൺ ദിനമായ** സെപ്റ്റംബർ 16 ന്, ക്ലാസ് അടിസ്ഥാനത്തിൽ പോസ്റ്റർ രചന മത്സരം സംഘടിപ്പിക്കുന്നു. പോസ്റ്ററിൽ അവതരിപ്പിക്കുന്ന സന്ദേശം  സന്ദേശം പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ സ്വയം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു<br>**വന്യജീവി സംരക്ഷണ ദിനമായ** ഒക്ടോബർ ഒന്നിന് വിവിധ ജൈവവൈവിധ്യങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുന്നതിനും, ഓരോ പ്രദേശത്തും ജീവിക്കുന്ന ജീവികളെ പട്ടികപ്പെടുത്തുന്നതിനും, പ്രദേശത്തിന്റെ ജൈവവൈവിധ്യം ജീവികളുടെ നിലനിൽപ്പിന് എത്രത്തോളം സഹായകമാണെന്ന് കണ്ടെത്തുന്നതിനും ആവശ്യപ്പെടുന്നു. കുട്ടികൾ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം സംഘടിപ്പിക്കുന്നു.<br>**ദേശീയ ശാസ്ത്ര ദിനമായ** ഫെബ്രുവരി 28 ന്, മനുഷ്യൻറെ നിർണായകമായ കണ്ടുപിടുത്തങ്ങൾ അതത് ക്ലാസുകളിലെ പാഠപുസ്തകത്തിൽ നിന്ന് കണ്ടെത്താൻ ആവശ്യപ്പെടുന്നു. ഓരോ കണ്ടുപിടിത്തവും കൊണ്ടുള്ള നേട്ടവും നടക്കുന്നതിനു മുമ്പുള്ള അവസ്ഥയും താരതമ്യപ്പെടുത്താൻ ആവശ്യപ്പെടുന്നു. കുട്ടികളുടെ | | | |

| | | | |
|---|---|---|---|
| | | കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചർച്ച സംഘടിപ്പിക്കുന്നു.ശാസ്ത്രം ദൈനംദിന ജീവിതത്തെ എത്രത്തോളം സ്വാധീനിക്കുന്നുവെന്ന് കുട്ടികൾക്ക് ബോധ്യപ്പെടുന്ന തരത്തിൽ ചർച്ച നയിക്കുന്നു | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| 1 | കുട്ടിയുടെ ആരോഗ്യ കായിക വികാസഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുക | **മൈനർ ഗെയിം**<br>എല്ലാ ദിവസവും വിവിധതരം ഗെയിം പരിചയപ്പെടൽ | 3 മാസം<br>ജൂൺ - ആഗസ്റ്റ് | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 2 | കുട്ടിയുടെ ആരോഗ്യ കായിക വികാസഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുക | **എയ്റോബിക്സ്** | 3 മാസം<br>ജൂലൈ - സെപ്റ്റംബർ തിങ്കളാഴ്ചകളിൽ | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| | ആരോഗ്യകരമായ | **യോഗ പരിശീലനം** | എല്ലാ | യു പി വിഭാഗം | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുക. | | വെള്ളിയാഴ്ചയും | കുട്ടികൾ<br><br>എച്ച് എസ് വിഭാഗം കുട്ടികൾ | |
| 3 | ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുക. | **കായികക്ഷമതാ പരിശോധന**<br>ഹെൽത്ത് റിക്കാർഡ് ഉണ്ടാക്കുന്നു. വ്യായാമമുറകൾ ശീലിപ്പിക്കുന്നു. | ആഗസ്റ്റ് | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല<br>രക്ഷകർത്താക്കൾ |
| 4 | ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുക. | **ഫുട്ബോൾ ടീം രൂപീകരണം**<br>സ്കൂളിൽ അവധി കാല സ്പോർട്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു മികച്ച പ്രതിഭകളെ കണ്ടെത്തി തുടർ പരിശീലനം നൽകുന്നു | 12 മാസം<br>ഏപ്രിൽ - മെയ്<br>എല്ലാ പ്രവൃത്തിദിവസവു ം<br>3.30pm-4.30pm | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 5 | കുട്ടിയുടെ സർവ്വതോന്മുഖവികാസം ഉറപ്പു വരുത്തുക. | **കബഡി പരിശീലനം**<br>സ്കൂളിൽ അവധി കാല സ്പോർട്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു മികച്ച പ്രതിഭകളെ കണ്ടെത്തി തുടർ പരിശീലനം നൽകുന്നു | 12 മാസം<br>ഏപ്രിൽ - മെയ്<br>എല്ലാ പ്രവൃത്തിദിവസവു ം<br>3.30pm-4.30pm | കായികാദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 6 | കുട്ടിയുടെ സർവ്വതോന്മുഖവികാസം ഉറപ്പു | **ഹോക്കി പരിശീലനം**<br>സ്കൂളിൽ അവധി കാല സ്പോർട്സ് | 12 മാസം<br>ഏപ്രിൽ - മെയ് | കായികാദ്ധ്യാപിക<br>പി ടി എ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | വരുത്തുക. | ക്യാമ്പ് സംഘടിപ്പിക്കുന്നു മികച്ച പ്രതിഭകളെ കണ്ടെത്തി തുടർ പരിശീലനം നൽകുന്നു | എല്ലാ പ്രവൃത്തിദിവസവും<br>**3.30pm-4.30pm** | യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | |
| **7** | കുട്ടിയുടെ സർവ്വതോന്മുഖവികാസം ഉറപ്പു വരുത്തുക | **ഖോ ഖോ പരിശീലനം**<br>സ്കൂളിൽ അവധി കാല സ്പോർട്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു മികച്ച പ്രതിഭകളെ കണ്ടെത്തി തുടർ പരിശീലനം നൽകുന്നു | **12** മാസം<br>ഏപ്രിൽ - മെയ്<br>എല്ലാ പ്രവൃത്തിദിവസവും<br>**3.30pm-4.30pm** | കായികാദ്ധ്യാപിക<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| **8** | കുട്ടിയുടെ സർവ്വതോന്മുഖവികാസം ഉറപ്പു വരുത്തുക. | സൈക്കിൾക്ലബ്<br><br>സൈക്കിൾയാത്ര പ്രോത്സാഹിപ്പിക്കുക | **8** മാസം<br>ജൂലൈ - ഫെബ്രുവരി<br>എല്ലാ പ്രവൃത്തിദിവസവും | കായികാദ്ധ്യാപിക<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |
| | കുട്ടികളിലെ കായിക ശേഷി കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും | **സ്കൂൾതല കായികോത്സവം** മാർച്ച് ഫാസ്റ്റ് ദീപശിഖ തെളിയിക്കൽ കായിക പ്രതിജ്ഞ കലാപരിപാടികൾ എന്നിവ ഉൾപ്പെടുത്തി വിപുലമായ തരത്തിൽ സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുക | ആഗസ്റ്റ് മാസം | അദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| 9 | കുട്ടിയുടെ സർവ്വതോന്മുഖവികാസം ഉറപ്പു വരുത്തുക. | ട്രക്കിംഗ്<br><br>കാൽനടയാത്ര പ്രോത്സാഹിപ്പിക്കുക | ഫെബ്രുവരി | കായികാദ്ധ്യാപകർ<br>പി ടി എ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |

# കലാവിദ്യാഭ്യാസം

| പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| നം | | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
| | ചുറ്റുപാടുകൾ മനോഹരമാക്കുന്ന ശീലം വളർത്തുക. | **പൂന്തോട്ട നിർമ്മാണം**<br>സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>അലങ്കാര ചെടികൾ വെച്ചുപിടിപ്പിക്കുന്നു | 9 മാസം<br>ജൂൺ -<br>ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 1 | സർഗ്ഗാത്മകകഴിവുകൾ പോഷിപ്പിക്കുന്നതിലൂടെ കുട്ടികളുടെ മനസ്സിന് സന്തോഷം പകരുക<br>ചുറ്റുപാടുകൾ മനോഹരമാക്കുന്നതിനുള്ള ശീലം | **ചുവർചിത്രരചന**<br><br>സ്കൂൾ ചുവരുകളിൽ ചിത്രം വരയ്ക്കുന്നു | 8 മാസം<br>ജൂലൈ -<br>ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | അദ്ധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | വളർത്തുക. | | | | |
| 2 | സർഗ്ഗാത്മകകഴിവുകൾ പോഷിപ്പിക്കുന്നതിലൂടെ കുട്ടികളുടെ മനസ്സിന് സന്തോഷം പകരുക | **പാഠപുസ്തകദൃശ്യം**<br><br>പാഠപുസ്തകത്തിലെ ആശയങ്ങൾ ചിത്രരൂപത്തിൽ അവതരിപ്പിക്കുന്നു. ക്ലാസ്തലപ്രദർശനം | 8 മാസം<br>ജൂലൈ -<br>ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |
| 3 | സർഗ്ഗാത്മകകഴിവുകൾ പോഷിപ്പിക്കുന്നതിലൂടെ കുട്ടികളുടെ മനസ്സിന് സന്തോഷം പകരുക | **വീടലങ്കാരം**<br>അലങ്കാരവസ്തുക്കളുടെ നിർമ്മാണം | 8 മാസം<br>ജൂലൈ -<br>ഫെബ്രുവരി | അദ്ധ്യാപകർ<br>യു പി വിഭാഗം കുട്ടികൾ<br>എച്ച് എസ് വിഭാഗം കുട്ടികൾ | ഇല്ല |